# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

### "108 ആംബുലൻസ് സർവ്വീസിലെ" ജീവനക്കാർക്ക് മിനിമം വേതനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5446 — 04.07.2013 - ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | "108 ആംബുലൻസ് സർവ്വീസിലെ" ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് മിനിമം വേതനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | എ) | '108' ആംബുലൻസ് സർവ്വീസിലെ ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. '108' ആംബുലൻസ് ഒരു പി.പി.പി (Pbulic Private Partnership) മോഡൽ ആണ്. ടെൻഡർ നടപടികളിലൂടെ തിരഞ്ഞെടുത്ത 'സിക്കിത്സ ഹെൽത്ത് കെയർ' എന്ന കമ്പനിയാണ് ഇതിന്റെ ഓപ്പറേറ്റിംഗ് ഏജൻസി. കരാർ പ്രകാരം '108' ആംബുലൻസുകളുടെ പ്രവർത്തനങ്ങൾക്കായി ഒരു നിശ്ചിത തുക നൽകുകയാണ് ചെയ്യുന്നത്. ജീവനക്കാരെ നിശ്ചയിക്കുന്നതും, അവരുടെ ശമ്പളം, വാഹനത്തിന്റെ ഇന്ധനം, അറ്റകുറ്റപ്പണികൾ മുതലായവയെല്ലാം ഓപ്പറേറ്റിംഗ് ഏജൻസിയുടെ ഉത്തരവാദിത്തമാണ്. ജീവനക്കാർക്ക് സംസ്ഥാന തൊഴിൽ വകുപ്പ് 2009 ൽ ഇറക്കിയ സ്വകാര്യ ആശുപത്രി, ഡിസ്പെൻസറികൾ, സ്കാനിംഗ് സെന്ററുകൾ, എക്സ്-റേ യൂണിറ്റുകൾ, മറ്റനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരുടെ മിനിമം വേജസുമായി ബന്ധപ്പെട്ട വിജ്ഞാപന പ്രകാരമാണ് ശമ്പളം നൽകുന്നത്. |

| | | | |
|---|---|---|---|
| ബി) | സ്വകാര്യ ഏജൻസിക്ക് കരാർ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള ഈ സംവിധാനം സർക്കാരിന്റേയോ, എച്ച്. എം.സി യുടേയോ നേരിട്ട് നിയന്ത്രണത്തിലാക്കാൻ നടപടി സ്വീകരിക്കുമോ? | ബി) | ഇതു സംബന്ധിച്ച ശുപാർശകളൊന്നുംതന്നെ സർക്കാരിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ